## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 15.12.2014-ൽ മറുപടിക്ക്

ചോദ്യം നം. 3763

### കാഞ്ഞങ്ങാട് മണ്ഡലത്തിൽ അജാനൂർ മത്സ്യബന്ധന തുറമുഖം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ഇ.ചന്ദ്രശേഖരൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ അജാനൂർ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിന്റെ ഭാഗമായുള്ള സർവ്വേ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് നിയമസഭാ മണ്ഡലത്തിൽപ്പെട്ട അജാനൂരിൽ ഒരു പുതിയ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിന്റെ ഭാഗമായുള്ള അന്വേഷണ ഗവേഷണ പ്രവർത്തനങ്ങളിൽ ടോപ്പോഗ്രാഫി സ്റ്റഡി, ബെഡ്സാമ്പിൾ കളക്ഷൻ, ബാത്തിമെട്രി സ്റ്റഡി എന്നിവ പൂർത്തീകരിച്ച് റിപ്പോർട്ട് മാതൃകാപഠനം നടത്തുന്ന ഏജൻസിയായ CWPRS-ന് നൽകിയിട്ടുണ്ട്. ഓരോ മാസവുമുള്ള ഷോർലൈൻ സർവ്വേയും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു. |
| (ബി) | ഇതു സംബന്ധിച്ച് സാങ്കേതിക തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | അജാനൂർ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിന്റെ ഭാഗമായി അന്വേഷണ ഗവേഷണ പഠനം നടത്തുന്നതിന് സാങ്കേതിക തടസ്സങ്ങളൊന്നും ഉണ്ടായിട്ടില്ല. |
| (സി) | സർവ്വേ നടപടി എന്നത്തേക്ക് പൂർത്തിയാകുമെന്ന് അറിയിക്കാമോ? | (സി) | 01/03/13-ൽ തുടങ്ങിയ സർവ്വേ നടപടികൾ 2015 ഒക്ടോബർ മാസത്തോടെ പൂർത്തിയാകുന്നതാണ്. |

സെക്ഷൻ ഓഫീസർ